"സ്വാമി ശരണം"

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വർക്ക്സ് ഡിപ്പാർട്ടുമെൻറ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ഇലക്ട്രിക്കൽ ഡിവിഷൻ
ചെങ്ങന്നൂർ
**E-mail: eeelectricaltdb@gmail.com**

## ലേല പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ പെട്ട പരുമല ദേവസ്വം ബോർഡ് പമ്പാ കോളേജിന്റെ NAAC അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട റീവയറിങ്ങ് ജോലികൾ ചെയ്തവകയിൽ ഉപയോഗശൂന്യമായ ഇലക്ട്രിക് സാധനങ്ങൾ ബഹുമാനപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എൻജിനീയറുടെ 26-08- 2020- ലെ 1681-ാം നമ്പർ ഉത്തരവ് പ്രകാരം ടി ഓഫീസിൽ വച്ച് 20-04-2022-ാം തീയതി പകൽ 11 മണി മുതൽ 1 മണി വരെയും, ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയും പരസ്യമായി ലേലം ചെയ്യുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം ലേലത്തിനു മുമ്പായി നിരതദ്രവ്യമായ 2300/- രൂപ ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/കൊട്ടേഷൻ നൽകുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ആ വ്യക്തി/ആ സ്ഥാപനം അപ്പോൾ തന്നെ ലേലം വിളിച്ച തുകയുടെ 50% കെട്ടി വയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവെച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം ഈ ഉപയോഗശൂന്യമായ ഇലക്ട്രിക് സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടിവെച്ച തുക ഡിപ്പാർട്ട്മെന്റ് മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം/കൊട്ടേഷൻ നൽകുന്നതോടൊപ്പം ഏറ്റവും കൂടുതൽ വിളികേട്ട തുകയും, തുകയുടെ 18% GST യും ദേവസ്വം ബോർഡിൽ അടച്ച് അവിടെനിന്ന് രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റി വയ്ക്കുന്നതിനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. കൊട്ടേഷനുകൾ മുദ്രവെച്ച കവറിൽ വൈകുന്നേരം 4 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ലേല ദിവസം എന്തെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേസമയം ലേല നടപടികൾ നടത്തുന്നതായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ടി ഓഫീസുമായോ, മാവേലിക്കര അസിസ്റ്റന്റ് എൻജിനീയർ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

ചെങ്ങന്നൂർ
08/04/2022

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ